കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്








# ജൈവവൈവിധ്യ ക്ലബ്ബ്
# - ലഘുലേഖ



## ജൈവവൈവിധ്യ ക്ലബ്ബുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

കുട്ടികൾക്ക് അവരുടെ ചുറ്റുപാടുമുള്ള പരിസ്ഥിതി ആവാസവ്യവസ്ഥയെപ്പറ്റി മനസ്സിലാക്കാനും, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ നടത്താനും, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രകൃതിസമ്പത്തിനെ വീണ്ടെടുക്കുവാനും, അടുത്തറിയാനുമുള്ള ഒരു അവസരമാണ് ***ജൈവവൈവിധ്യ ക്ലബ്ബുകൾ*** ലക്ഷ്യമാക്കുന്നത്. കൂടാതെ കൃഷിയുടെ ബാലപാഠങ്ങൾ പഠിക്കുവാനും കൂടി ഇത്തരം ക്ലബ്ബുകൾ ലക്ഷ്യം വയ്ക്കുന്നു.

മാറിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിലൂടെ പരിസ്ഥിതി ജൈവവൈവിധ്യ സുസ്ഥിര വികസനം ലക്ഷ്യമാക്കി, പ്രാദേശികതലത്തിലുള്ള ഗവേഷണപഠനങ്ങൾ നടത്തി, ജൈവവൈവിധ്യ മേഖലകളെ തിരിച്ചറിഞ്ഞ് സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നതിനുവേണ്ടി ജൈവവൈവിധ്യ ക്ലബ്ബുകളെ സജ്ജരാക്കേണ്ടത് അനിവാര്യമാണ്.


ജൈവവൈവിധ്യത്തേയും അതിന്റെ സുസ്ഥിര ഉപയോഗത്തേയും കുറിച്ച് അവബോധം സൃഷ്ടിക്കുക, സ്കൂളുകളിലും/കോളേജുകളിലും ചുറ്റുപാടുമുള്ള പ്രാദേശിക ജൈവവൈവിധ്യത്തെക്കുറിച്ച് പഠനം നടത്തുക, സ്കൂൾ, കോളേജ് ക്യാംപസുകളിൽ ജൈവവൈവിധ്യത്തെ സംരക്ഷിക്കുക, ഭക്ഷ്യവിളകൾ നട്ടുവളർത്തുക, പ്രാദേശിക പരിസ്ഥിതിയിലേയും ആവാസവ്യവസ്ഥയിലേയും ജൈവവൈവിധ്യം അഭിവൃദ്ധിപ്പെടുത്തുന്ന മുഖ്യഘടകങ്ങൾ കണ്ടെത്തുക, ജീവജാലങ്ങളാൽ വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളുടെ പ്രയോജനങ്ങളെക്കുറിച്ചുള്ള അറിവ് വിദ്യാർത്ഥികൾക്കും, കുടുംബങ്ങൾക്കും, സമൂഹത്തിനും പകരുക എന്നിവ ക്ലബ്ബുകളുടെ പ്രധാന ലക്ഷ്യങ്ങളാണ്.



## ജൈവവൈവിധ്യ ക്ലബ്ബ് രജിസ്ട്രേഷൻ

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ (www.keralabiodiversity.org) നിന്നും രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്തശേഷം പൂരിപ്പിച്ച അപേക്ഷ സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഇ മെയിൽ (keralabiodiverstiy@gmail.com) ആയോ, നേരിട്ടോ ലഭ്യമാക്കേണ്ടതാണ്. സ്കൂളിൽ/ കോളേജിൽ ക്ലബ്ബ് രൂപീകരിച്ച തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമായി അപേക്ഷാ ഫോമിൽ സൂചിപ്പിച്ചിരിക്കേണ്ടതാണ്. തുടർന്ന് കെ.എസ്.ബി.ബി യിൽ നിന്നും ബന്ധപ്പെട്ട ക്ലബ്ബിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഇലക്ട്രോണിക് കോപ്പി ആയി ക്ലബ്ബിന് അയച്ചു നൽകുന്നതാണ്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ രജിസ്റ്റർ ചെയ്ത രണ്ടായിരത്തോളം ജൈവവൈവിധ്യ ക്ലബ്ബുകൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നു. ക്ലബ്ബിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യ ക്ലബ്ബുകൾക്ക് ബോർഡ് സാമ്പത്തിക, സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നു.



KERALA STATE BIODIVERSITY BOARD

BIODIVERSITY CLUB APPLICATION FORM

| | | |
|---|---|---|
| 1. | Name, address, email ID and phone number of the School / College | |
| 2. | Name, address, email ID, Phone number and District of the Local Body | |
| 3. | Date of Formation of club (must be included while submitting the application) | |
| 4. | Name of the Head Master / Principal & Mobile No. | |
| 5. | Name of the Co-ordinator & Mobile No. | |
| 6. | Name, Address and Mobile No. of the PTA secretary | |
| 7. | Names and Mobile No. of the BMC Convenor and BMC | |
| 8. | Name of any other nature related clubs functioning in the school /college | |

Declaration

I hereby declare that the above mentioned information are true to my knowledge and that in case, at any point of time, the information furnished by me for and on behalf of .................................................. ...................... (School / College) found to be incorrect; the registration is liable to be terminated by the KSBB without any notice. I further understand and accept that KSBB reserves the right to reject this application for registration of Biodiversity Club without ascribing any reason whatsoever.

Signature of the H M / Principal

Signature of the Club Co-ordinator

Date

(Seal)

## ക്ലബ്ബിന്റെ ഘടന

- പ്രകൃതി/ പരിസ്ഥിതി സംബന്ധമായ വിഷയത്തിൽ താത്പര്യമുള്ള അധ്യാപക രായിരിക്കണം ക്ലബ്ബിന്റെ ഉത്തരവാദിത്തം ഏറ്റെ ടുക്കേണ്ടത്. അത്തരം അധ്യാപകരെ 'ജൈവവൈവിധ്യ ക്ലബ്ബ് കോർഡിനേറ്റർ' (Biodiversity Club Coordinator - BCC) എന്ന് വിളിക്കുന്നു. അധ്യാപകരുടെ കൂട്ടായ പ്രവർത്തനം ക്ലബ്ബിനെ കൂടുതൽ മെച്ചപ്പെടുത്തും.
- ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ ജൈവവൈവിധ്യ ക്ലബ്ബ് കോർഡിനേറ്റർമാർ ക്ലബ്ബിനെ പ്രാപ്തമാക്കേണ്ടതാണ്.
- മീറ്റിംഗ് വിളിച്ചുകൂട്ടുക, സ്കൂൾ / കോളേജ് ഭരണാധികാരികളുമായി ക്ലബ്ബിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയുള്ള ചർച്ചകൾ നടത്തുക, പരിപാടികളും, പദ്ധതികളും ആസൂത്രണം ചെയ്ത് നേതൃത്വം വഹിക്കുക എന്നത് ജൈവവൈവിധ്യ ക്ലബ്ബ് കോർഡിനേറ്ററുടെ കർത്തവ്യമാണ്.
- ക്ലബ്ബിന്റെ ഓഫീസ് ഭാരവാഹികളായ വിദ്യാർത്ഥി പ്രതിനിധികൾ, പ്രോഗ്രാം കോർഡിനേറ്റർ, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങൾ വഹിച്ചു പ്രവർത്തി ക്കണം.
- രണ്ടു മാസത്തിലൊരിക്കലെങ്കിലും സ്കൂളുകളും കോളേജുകളും ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകളോ, മത്സരങ്ങളോ, സംവാദങ്ങളോ സംഘടിപ്പിക്കേണ്ടതാണ്. ഇത്തരത്തിലെ മികച്ച പരിപാടികളുടെ വീഡിയോ അവതരണം കെ.എസ്.ബി.ബിയുടെ ജില്ലാ കോർഡിനേറ്റർമാർ മുഖേന യഥാസമയം ബോർഡിൽ ലഭ്യമാക്കുന്ന പക്ഷം ഈ വിവരങ്ങൾ കെ.എസ്.ബി.ബി സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകളിൽ ഉൾപ്പെടുത്താവുന്നതാണ്.
- ഫോട്ടോ അടങ്ങിയ ജൈവവൈവിധ്യ രജിസ്റ്റർ തയാറാക്കുക, മീറ്റിംഗിന്റെ മിനിറ്റ്സ് കൈകാര്യം ചെയ്യുക, അംഗങ്ങ ളുടെ ഹാജർ രേഖപ്പെടുത്തുക ഓരോ വർഷാന്ത്യവും കാര്യ നിർഹണത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുക എന്നീ ചുമതലകൾ ക്ലബ്ബ് സെക്രട്ടറിയുടേതാണ്. (Biodiversity Club Secretary - BCS)
- റിപ്പോർട്ട് ജൂലൈ മാസത്തിനുള്ളിൽ ബോർഡിൽ സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടു സമാഹരിച്ച് കെ.എസ്.ബി. ബിയിൽ ലഭ്യമാക്കേണ്ട ചുമതല കെ.എസ്.ബി.ബി ജില്ലാകോർഡിനേറ്റർ മാർക്കാണ്.
- ക്ലബ്ബിന്റെ സാമ്പത്തിക വശം കൈകാര്യം ചെയ്യുന്നത് ക്ലബ്ബ് ഖജാൻജി ആയിരിക്കും.
- അതത് തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിലെ ബി.എം.സി കൺവീനർ ജൈവവൈവിധ്യ ക്ലബ്ബിന്റെ പ്രത്യേക

ക്ഷണിതാവ് ആയിരിക്കും.ജൈവവൈവിധ്യ ക്ലബ്ബ് പ്രവർത്തനങ്ങളിൽ ബി.എം.സി കൺവീനറുടെ സാങ്കേതിക സഹായം തേടാവുന്നതാണ്.

» പിടിഎ യുടെ സഹകരണം ഉറപ്പാക്കി വേണം ക്ലബ്ബുകൾ രൂപീകരിക്കുവാൻ.

## ക്ലബ്ബിലെ അംഗങ്ങൾ

കുറഞ്ഞത് 25 വിദ്യാർത്ഥികൾ ക്ലബ്ബിൽ അംഗമായിരിക്കണം. അധ്യയന വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും മീറ്റിംഗ് കൂടിയിരിക്കണം. പരിസ്ഥിതി സംബന്ധമായിട്ടുള്ള ദിനങ്ങളുടെ പ്രാധാന്യം, ചുറ്റുവട്ടത്തുള്ള പരിസ്ഥിതി സംരക്ഷണത്തിന്റെ മാർഗ്ഗങ്ങൾ ഇവയെല്ലാം സമയാസമയങ്ങളിൽ സ്കൂളുകളിലെ ജൈവവൈവിധ്യ ക്ലബ്ബുകൾ ചർച്ചചെയ്യേണ്ടതാണ്.പ്രാദേശികമായ സസ്യങ്ങൾ നട്ടുസംരക്ഷിക്കുകയും, അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിലുള്ള പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ അതത് സ്ഥാപനങ്ങളിൽ നടത്താവുന്നതുമാണ്. ക്ലബ്ബുകൾക്ക് പ്രകൃതി പഠനയാത്രകൾ വനം വകുപ്പിന്റെ സഹായത്തോടെ സൗജന്യമായി നടത്താവുന്നതാണ്.

## കുട്ടികൾക്ക് നടപ്പാക്കാവുന്ന ജൈവവൈവിധ്യ ഗവേഷണപദ്ധതികൾ

(ഇതിൽ അനുയോജ്യമായ പദ്ധതികൾ ഓരോ വർഷവും ക്ലബ്ബുകൾ നടപ്പിലാക്കേണ്ടതാണ്).

» **നിരീക്ഷണവും രേഖപ്പെടുത്തലും**

1. ഒരു സീസൺ മുഴുവനും സ്കൂൾ, വീട് പരിസരങ്ങളിൽ കാണപ്പെടുന്ന ചിത്രശലഭങ്ങളുടെയും, പക്ഷികളുടെയും, തുമ്പികളുടെയും വൈവിധ്യത്തെ നിരീക്ഷിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്യുക.
2. ഒരു പ്രത്യേക ആവാസവ്യവസ്ഥയിൽ വളരെ ശക്തമായ സ്വാധീനം ചെലുത്തുന്ന സുപ്രധാന ജൈവജാതികളെക്കുറിച്ച് (Key stone species) പഠനം നടത്തി രേഖപ്പെടുത്തൽ.
3. ചുറ്റുപാടുമുള്ള ജലാശയങ്ങളിലെ മത്സ്യത്തിന്റെ വൈവിധ്യത്തെ വിവിധ സീസണുകളിൽ നിരീക്ഷിച്ച് രേഖപ്പെടുത്തുക.
4. വീടിന്റേയും, സ്കൂളിന്റേയും പരിസരത്തുള്ള ഭക്ഷ്യയോഗ്യമായ സസ്യജന്തുജാലങ്ങളെ വിവിധ സീസണുകളിൽ രേഖപ്പെടുത്തുക.
5. കൃഷിയുടെ പ്രാഥമിക ശാസ്ത്ര പഠനവും രേഖപ്പെടുത്തലും
6. സ്കൂളിനും വീടിനു ചുറ്റുവട്ടത്തുമുള്ള അലങ്കാര സസ്യങ്ങളും, വന്യമായിട്ടുള്ളതും കൃഷിചെയ്യുന്നതുമായിട്ടുള്ള സസ്യങ്ങളെപ്പറ്റി പഠനം നടത്തി രേഖപ്പെടുത്തുക

.

7. നാട്ടിൽ കാലാകാലങ്ങളായി ഉപയോഗിച്ചു വരുന്ന സസ്യങ്ങളുടെ വിവരങ്ങൾ മുതിർന്നവരിൽ നിന്നും ശേഖരിക്കുക. ഇവയെ ഭക്ഷ്യ പ്രാധാന്യമുള്ളവ, ആചാരങ്ങൾക്കു ഉപയോഗിക്കുന്നവ, അലങ്കാര പ്രാധാന്യമുള്ളവ, ഔഷധഗുണമുള്ളവ, ഭവന നിർമ്മാണത്തിനുപയോഗിക്കുന്നവ തുടങ്ങി തരംതിരിച്ചെഴുതാം.

8. പരമ്പരാഗത സമൂഹങ്ങളുടെ തൊഴിലിനേയും തൊഴിലിടത്തെയും സംബന്ധിച്ച അറിവുകൾ ശേഖരിക്കുക.

9. പച്ചത്തുരുത്തുകളിലെയും ജൈവവൈവിധ്യപാർക്കുകളിലെയും ജൈവവൈവിധ്യത്തിന്റെ കണക്കെടുപ്പും പരിചരണവും ക്ലബുകളുടെ പ്രതിമാസ ഫീൽഡ് വർക്കിന്റെ ഭാഗമായി നടത്താം.

10. ഫോട്ടോഗ്രാഫിക് ഫോളോ അപ്പ് ഓഫ് ക്യാമ്പസ്-ഒരോ ഇനം ചെടികളുടേയും ഒരോ വർഷത്തെയും മാറ്റങ്ങൾ നിരീക്ഷിക്കുകയും അവയുടെ ഫോട്ടോ ഡോക്യുമെന്റ് ഉണ്ടാക്കുകയും ചെയ്യുക

11. കാമ്പസ് ജൈവവൈവിധ്യ ലൈബ്രറി സജ്ജീകരിക്കുക

12. പ്രകൃതി പഠന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

» **സംരക്ഷണം**

1. അന്യം നിന്നു പോകുന്ന സസ്യങ്ങൾ നൂതന സസ്യപ്രജനന മാർഗ്ഗങ്ങൾ ഉപയോഗിച്ച് സംരക്ഷിക്കാം
2. അധിനിവേശ സസ്യങ്ങളുടെ (Invasive Alien Species) വിവരങ്ങൾ ശേഖരിച്ച് ഒപ്പം അവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുക. ഇത്തരം അധിനിവേശ സസ്യങ്ങൾക്ക് പകരം നാടൻ സസ്യഇനങ്ങളെ കണ്ടെത്തി ഇവയുടെ തൈകൾ ഉണ്ടാക്കി നട്ടുപിടിപ്പിക്കാം.

3. ജൈവവൈവിധ്യം രേഖപ്പെടുത്തി വയ്ക്കുന്നതിനോടൊപ്പം പരിസരം വൃത്തിയായി സൂക്ഷിക്കുക എന്നതും പരമപ്രധാനമാണ്. അതിനാൽ പ്രകൃതി സൗഹൃദമായ മാലിന്യനിർമാർജന രീതികൾ പരിശീലിപ്പിക്കാം.

4. കാമ്പസിലെ സസ്യവൈവിധ്യ സംബന്ധിയായ വിവരങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ കാമ്പസ് സസ്യങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയുള്ള ബോർഡ്/ QR കോഡ് തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്

5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ BMC യുമായി സഹകരിച്ച് വിവിധ

സംരക്ഷണ പ്രോജെക്റ്റുകൾ നടപ്പിലാക്കാം

6. അന്യം നിന്ന് പോകുന്ന ചെടികളെ മനസ്സിലാക്കി അവയെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രൊജെക്ടുകൾ ചെയ്യാം.

7. നാട്ടിലെ ജൈവവൈവിധ്യ കലവറകളെ തിരിച്ചറിഞ്ഞ് സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്യുക. ഉദാഹരണം: കണ്ടൽ വനവൽക്കരണം, കാവ് സംരക്ഷണ പദ്ധതി, നദീതീര സംരക്ഷണം, തുടങ്ങിയവ

ഒരോ ക്ലബ്ബും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ഒരു പ്രോജെക്റ്റ് എങ്കിലും ഒരു വർഷം ചെയ്യുക. വർഷത്തിൽ 2 തവണ എങ്കിലും ജൈവവൈവിധ്യ കൂട്ടായ്മകൾ സംഘടിപ്പിക്കാം. സ്കൂൾ / കോളേജ് ജൈവവൈവിധ്യ ആഡിറ്റ് നടപ്പിലാക്കുന്നത് വഴി ജൈവവൈവിധ്യ സംരക്ഷണകാര്യത്തിൽ ക്ലബ്ബിന്റെ പ്രകടനം വിലയിരുത്തുവാൻ കഴിയും.








## സ്കൂളുകൾക്കും കോളേജുകൾക്കുമുള്ള ജൈവവൈവിധ്യ ഓഡിറ്റിങ്



അതാതു സ്കൂൾ/ കോളേജ് ഉൾപ്പെടുന്ന വാർഡുകളിലെ സസ്യ ജന്തു ജൈവവൈവിധ്യത്തിന്റെ കണക്കെടുപ്പും തിട്ടപ്പെടുത്തലുമാണ് ജൈവവൈവിധ്യ ഓഡിറ്റിങ്ങിലൂടെ ലക്ഷ്യമാക്കുന്നത്. ഇതിലൂടെ സ്കൂൾ/ കോളേജ് പരിസരത്തുള്ള ജൈവവൈവിധ്യത്തെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനും ഒപ്പം പാഠ്യപദ്ധതിയുടെ ഭാഗമാക്കി പ്രവർത്തിക്കാനും സാധിക്കും. ഇതിൽ പ്രസ്തുത വാർഡിലെ ജൈവവൈവിധ്യം, ആവാസ വ്യവസ്ഥകൾ, വ്യത്യസ്തങ്ങളായ ഭൂവിനിയോഗ രീതികൾ, പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങളും ഓഡിറ്റ് ചെയ്യണം.

## ജൈവവൈവിധ്യ ക്ലബുകളുടെ നെയിം ബോർഡ്

ജൈവവൈവിധ്യ ക്ലബുകളുടെ നെയിം ബോർഡ് അതത് കാംപസുകളിൽ ഏവർക്കും കാണത്തക്ക രീതിയിൽ നിർദ്ദിഷ്ട മാതൃകയിൽ  സ്ഥാപിക്കേണ്ടതാണ്.




നെയിം ബോർഡ് മാതൃക



## ക്ലബ്ബുകളുടെ വിലയിരുത്തൽ

ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂളിലെ സഹപാഠ്യ പദ്ധതികളുടെ ഭാഗമാക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

| നം. | വിലയിരുത്തൽ സൂചകങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 | ജൈവവൈവിധ്യ ക്ലബ്ബുകളിലെ പങ്കാളിത്തം | Excellent – A<br>Good - B<br>Satisfactory – C<br>Only Participation- D |
| 2 | ജൈവവൈവിധ്യ പഠനം | |
| 3 | സംരക്ഷണ പ്രവർത്തനങ്ങൾ | |
| 4 | നേച്ചർ ക്യാമ്പുകളിലെ പ്രവർത്തനം | |
| 5 | ബോധവൽക്കരണം | |
| 6 | സാമൂഹിക ഇടപെടൽ | |

## ക്ലബ്ബുകൾ ആചരിക്കേണ്ട പ്രധാനപ്പെട്ട പരിസ്ഥിതി ദിനങ്ങൾ

**January**

- 26 January - Environmental Education Day

**February**

- 2 February - World Wetlands Day
- 11 February - International Day of Women and Girls in Science
- 28 February - National Science Day

**March**

- 3 March - World Wildlife Day
- 8 March - International women's Day
- 14 March - International Day of Action for Rivers
- 20 March - World Frog Day, World Sparrow Day
- 21 March - International Day of Forests
- 22 March - World Water Day

- 23 March - World Meteorological Day

**April**

- 18 April - World Heritage Day
- 22 April - Earth Day

**May**

- May 12 - International Day of Plant Health
- May 18 - International Museum Day
- 20 May - World Bee Day
- 22 May - International Day for Biological Diversity
- 23 May - World Turtle Day
- May 25 - World Fish Migration Day

**June**

- 5 June - World Environment Day
- 8 June - World Oceans Day
- 17 June - World Day to Combat Desertification and Drought
- 21 June - International Yoga Day

**July**

- 11 July - World Population Day
- 16 July - World Snake Day
- 26 July - International Day for the Conservation of the Mangrove Ecosystem
- 29 July - International Tiger Day

**August**

- 10 August - World Lion Day
- 12 August - World Elephant Day
- 30 August - International Whale Shark Day

**September**

- 16 September - International Day for the Preservation of the Ozone Layer
- 18 September - World Bamboo Day

- 22 September - World Rhino Day
- 26 September - World Maritime Day
- 27 September - World Tourism Day
- 28 September - Green Consumer Day

**October**

- 2 October to October 8 - National Wildlife Week
- 4 October - World Animal Day
- 12 October - World Migratory Bird Day
- 13 October - International Day for Disaster Risk Reduction
- 16 October - World Food Day
- 31 October - World Cities Day

**November**

- 1 November - Kerala Piravi Dhinam
- 6 November - International Day for Preventing the Exploitation of the Environment in War and Armed Conflict
- 14 November - Children's Day
- 21 November - World Fisheries Day

**December**

- 4 December - World Wildlife Conservation Day
- 5 December - World Soil Day
- 11 December - International Mountain Day













kerala.sbb@kerala.gov.in
www.keralabiodiversity.org

**കേരള സംസ്ഥാന**
**ജൈവവൈവിധ്യ ബോർഡ്**